2. ഹ്രസ്വകാല കാർഷിക വായ്പകൾ പരമാവധി 10 ലക്ഷം രൂപവരെ യാക്കി നെൽകൃഷിക്ക് 25,000 രൂപവരെ പലിശ രഹിത വായ്പയായി നൽകി യിരുന്നു. ഇപ്പോൾ പലിശയില്ലാതെ പലിശ രഹിത വായ്പ നെൽകൃഷിക്ക് നൽകുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.

3. പ്രാഥമിക വായപാ സഹകരണ സംഘങ്ങൾക്ക് കാർഷിക വായ്പ കൾ നൽകാൻ കഴിയാത്ത പ്രദേശങ്ങളിൽ കൃഷിക്കാർക്ക് ജില്ലാ സഹകരണ ബാങ്കിന്റെ ശാഖകൾ ആരംഭിക്കുന്നതിനും തുറക്കുന്നതിനും, ടി ശാഖകൾ മുഖേന കാർഷിക വായ്പകൾ നൽകുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. അപ്രകാരം ആവശ്യക്കാർക്ക് എല്ലാം യഥാസമയം കാർഷിക വായ്പകൾ ലഭ്യമാക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്.

4. കൃത്യമായി വായ്പ അടയ്ക്കുന്ന വായ്പക്കാർക്ക് പലിശയുടെ 5 ശതമാനം ഇളവ് വായ്പ അവസാനിക്കുന്ന വേളയിൽ നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ സർക്കാരിന്റെ 7-3-1992-ലെ ജി.ഒ.(എം എസ്) 11/92/സഹ.നമ്പർ ഉത്തരവ് പ്രകാരം 25,000 രൂപവരെ വായ്പയെടുക്കുന്ന രണ്ട് ഹെക്ടർവരെ കൃഷിഭൂമിയുള്ള കർഷകന് വായ്പ കൃത്യമായി തിരിച്ചടയ്ക്കുകയാണെങ്കിൽ മുതൽ തുകയുടെ 5 ശതമാനം പ്രോൽസാഹന മായി അനുവദിക്കുന്ന പദ്ധതിയും നിലവിലുണ്ട്.

5. കാർഷിക അനുബന്ധ ആവശ്യങ്ങൾക്ക് പരമാവധി ഒൻപതര ശത മാനം പലിശ നിരക്കിലും സ്വർണ്ണപ്പണയ കാർഷിക വായ്പകൾ 7 ശതമാനം പലിശ നിരക്കിലും നൽകുന്നതിനും നബാർഡിൽ നിന്ന് മതിയായ തോതിൽ പുനർവായ്പ ലഭ്യമാകാത്ത സാഹചര്യത്തിൽ സംഘങ്ങൾ/ബാങ്കുകൾ സ്വന്തം ഫണ്ടിൽ നിന്നും 7 ശതമാനം പലിശ നിരക്കിൽ കാർഷിക വായ്പ വിതരണം ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. വായ്പ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് ഒരു ശതമാനവും സംഘങ്ങൾ/ബാങ്കുകൾ സ്വന്തം ഫണ്ടിൽ നിന്ന് വിതരണം ചെയ്യുന്ന വായ്പകൾക്ക് 2 ശതമാനം ഉൾപ്പെടെ 3 ശതമാനം പലിശ സബ്വെൻഷൻ ഹ്രസ്വകാല വായ്പകൾക്ക് നബാർഡിൽ നിന്നും ലഭ്യമാക്കിവരുന്നു.

കാർഷിക മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ

10 (4065) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ക്ഷേത്രവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി സഹകരണ വകുപ്പുമായി ബന്ധപ്പെട്ട് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരി ക്കുമോ ;

(ബി) നെൽകൃഷി പ്രോത്സാഹിപ്പിക്കുവാൻ സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ ഏതെല്ലാം തരത്തിലുള്ള വായ്പകളാണ് നൽകി വരുന്നത് എന്ന് വിശദീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ആത്മഹത്യ ചെയ്ത എത്ര കർഷകരുടെ വായ്പയാണ് സഹകരണ സ്ഥാപനങ്ങൾ എഴുതിത്തള്ളിയത് ; ഏതെല്ലാം ബാങ്കുകൾ ആണ് വായ്പ എഴുതിത്തള്ളിയത് ;

(ഡി) പട്ടികജാതി/പട്ടിക വർഗ്ഗത്തിൽപ്പെട്ടവരുടെ വായ്പ എഴുതിത്തള്ളുവാൻ സഹകരണ വകുപ്പ് ആലോചിക്കുന്നുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) കാർഷിക മേഖലയെ പ്രോൽസാഹിപ്പിക്കുന്നതിന് സഹകരണ മേഖലവഴി കർഷകർക്ക് ആവശ്യമായ കാർഷിക വായ്പകൾ കുറഞ്ഞ പലിശ നിരക്കിലും, സുഗമമായും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് സഹകരണ മേഖലയിൽ 25,000 രൂപവരെയുള്ള ഹ്രസ്വകാല കാർഷിക വായ്പകൾ 8.5% പലിശ നിരക്കിലും 25,000 രൂപയ്ക്ക് മുകളിൽ 9% പലിശ നിരക്കിലുമാണ് വിതരണം ചെയ്തിരുന്നത്. ഈ സർക്കാർ അധികാരമേറ്റശേഷം ഒരു ലക്ഷം രൂപ വരെയുള്ള ഹ്രസ്വകാല കാർഷിക വായ്പകൾ 5.5% പലിശ നിരക്കിലും അതിനു മുകളിൽ 3 ലക്ഷം രൂപവരെ 6% പലിശ നിരക്കിലും വിതരണം ചെയ്യുന്നതിന് നിർദ്ദേശം പുറപ്പെടുവിച്ചു. 2007-08 വർഷത്തിൽ നെൽകൃഷിക്കും പച്ചക്കറി കൃഷിക്കും 4% പലിശ നിരക്കിൽ കാർഷിക വായ്പാ വിതരണം നടത്തുകയും എന്നാൽ, കേന്ദ്ര സർക്കാർ നിർദ്ദേശങ്ങൾക്കും നബാർഡ് നയത്തിനനുസൃതമായും ലഭ്യമാകുന്ന പുനർ വായ്പയുടെ ലഭ്യത കണക്കിലെടുത്തും എല്ലാ ഹ്രസ്വകാല വായ്പകൾക്കും പലിശ നിരക്ക് 7% ആയി നിജപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

നെൽകൃഷിക്ക് 25000 രൂപ വരെയുള്ള വായ്പകൾ പലിശ രഹിതമായി നൽകി വരുന്നത് 2009-10 സാമ്പത്തിക വർഷംമുതൽ പലിശ രഹിത വായ്പ പരമാവധി തുക പരിധിയില്ലാതെതന്നെ നൽകുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പഞ്ചായത്തുതലത്തിൽ സഹകരണ സംഘങ്ങൾ, ബാങ്കുകളുടെ ആഭിമുഖ്യത്തിൽ കൃഷിവകുപ്പിന്റെകൂടി സഹകരണത്തോടെ കർഷകരുടെ യോഗം വിളിച്ചുകൂട്ടി കാർഷിക വായ്പാ വിതരണം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനും കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും കർഷകർക്ക് ഇക്കാര്യത്തിൽ ആവശ്യമായ ബോധവൽക്കരണം നടത്തുന്നതിനും, കർഷകർക്ക് ആവശ്യമായ കാർഷിക വായ്പ ലഭ്യമാക്കുന്നതിനും കാർഷിക വായ്പാ വിതരണത്തിൽ കൂടുതൽ നേട്ടവും പുരോഗതിയും കൈവരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് വകുപ്പ് ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

കർഷകരുടെ ഉന്നമനം ലക്ഷ്യമാക്കി രൂപീകരിക്കപ്പെട്ടിട്ടുള്ള പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, സർവ്വീസ് സഹകരണ ബാങ്കുകൾ സംസ്ഥാനത്ത് കാർഷിക വായ്പാ മേഖലയിലും കാർഷിക രംഗത്തും, കർഷകർക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഗുണകരമായ സേവനങ്ങളാണ് നൽകി വരുന്നത്. കാർഷിക വായ്പാ രംഗത്തുള്ള മറ്റ് സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്തമായി അംഗങ്ങളായ കർഷകർക്ക് നൽകുന്ന വായ്പ ഉപയോഗിച്ച് കൃഷി ചെയ്യണമെന്ന ഉദ്ദേശ്യത്തോടെ ആവശ്യമായ വായ്പ കുറഞ്ഞ പലിശ നിരക്കിൽ നൽകിവരുന്നു.

ന്യായമായ വാടകയ്ക്ക് കർഷകർ/ പാടശേഖര സമിതികൾ/ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/നെല്ലുൽപ്പാദക സഹകരണസംഘങ്ങൾ/കുടുംബശ്രീ യൂണിറ്റുകൾ എന്നിവയ്ക്ക് കൊയ്ത്ത് മെതിയന്ത്രങ്ങൾ വാടകയ്ക്ക് നൽകുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിക്കുകയും ടി സ്ഥാപനങ്ങൾ അപേക്ഷിക്കുന്ന മുറയ്ക്ക് കൊയ്ത്ത് യന്ത്രം വാങ്ങുന്നതിനുള്ള വായ്പ നൽകുന്നതിന് ജില്ലാ ബാങ്കുകൾക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

കാർഷിക അനുബന്ധ ആവശ്യങ്ങൾക്ക് പരമാവധി ഒൻപതര ശതമാനം പലിശ നിരക്കിൽ വായ്പ നൽകിവരുന്നു.

2009-10 വർഷത്തിൽ കൃത്യമായി വായ്പ അടയ്ക്കുന്ന വായ്പക്കാർക്ക് അവർ അടയ്ക്കുന്ന പലിശയിൽ 5% ഇളവ് അവസാന തവണ അടയ്ക്കുന്ന വേളയിൽ നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2 ഏക്കർ കൃഷി ഭൂമിയുള്ള കർഷകർ എടുക്കുന്ന 25000 രൂപ വരെയുള്ള വായ്പ കൃത്യമായി തിരിച്ചടയ്ക്കുമ്പോൾ മുതൽ തുകയുടെ 5% പ്രോത്സാഹനമായി ഇപ്പോൾ തന്നെ അനുവദിക്കുന്നുണ്ട്. കാർഷിക മേഖലയിലെ വിവിധങ്ങളായ കാര്യങ്ങളെക്കുറിച്ച് വിവരങ്ങൾ നൽകുന്നതിന് ഓരോ ജില്ലയിലും ഏറ്റവും കൂടുതൽ കാർഷിക വായ്പ നൽകിയ സംഘത്തിന് ഫെസിലിറ്റേഷൻ സെന്റർ തുടങ്ങുന്നതിന് ധനസഹായം നൽകുകയും, സെന്റർ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) 1. നെൽകൃഷിക്ക് 6 മാസക്കാലളവിലേക്ക് 25,000 രൂപവരെ പലിശ രഹിത വായ്പ നൽകി വന്നിരുന്നത് 2009-2010 സാമ്പത്തിക വർഷം മുതൽ പരമാവധി തുക പരിധിയില്ലാതെ തന്നെ പലിശ രഹിതമായി നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചു.

2. ന്യായമായ വാടകയ്ക്ക് കർഷകർ/ പാടശേഖര സമിതികൾ/തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ/നെല്ലുൽപ്പാദക സഹകരണ സംഘങ്ങൾ/ കുടുംബശ്രീ യൂണിറ്റുകൾ എന്നിവയ്ക്ക് കൊയ്ത്ത് മെതിയന്ത്രങ്ങൾ വാടകയ്ക്ക് നൽകുന്നതിനും ടി സ്ഥാപനങ്ങൾ അപേക്ഷിക്കുന്ന മുറയ്ക്ക് കൊയ്ത്ത് യന്ത്രം വാങ്ങുന്നതിന് ജില്ലാ സഹകരണ ബാങ്കുകൾ വായ്പ നൽകി വരുകയും ചെയ്യുന്നു

(സി) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ആത്മഹത്യ ചെയ്ത 3 കർഷകരുടെ വായ്പയാണ് 2 സഹകരണ സ്ഥാപനങ്ങൾ എഴുതിത്തള്ളിയത്. സംഘങ്ങളുടെ പേര് ചുവടെ ചേർക്കുന്നു :

1. കോതകുറിശ്ശി സർവ്വീസ് സഹകരണ ബാങ്ക് - 2 കർഷകർക്കായി 16,920 രൂപയും.

LIBRARY ARCHIVES Kerala Legislative Assembly

2. കയിലിയാട് സർവ്വീസ് സഹകരണ ബാങ്ക് -- ഒരു കർഷകന് 34,799 രൂപയടക്കം ആകെ 51,719 രൂപയാണ് എഴുതിത്തള്ളിയത്.

(ഡി) 1.50 ലക്ഷം രൂപവരെ വാർഷിക വരുമാനമുള്ള പട്ടിക ജാതി/പട്ടികവർഗ്ഗ/പരിവർത്തിത ക്രൈസ്തവ ജനവിഭാഗങ്ങൾ സഹകരണ സ്ഥാപനങ്ങളിൽനിന്നും എടുത്ത വായ്പകളിൽ 31-3-2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞതും, കുടിശ്ശികയായിട്ടുള്ളതുമായ 25,000 രൂപ വരെയുള്ള വായ്പകൾ പലിശയും പിഴപ്പലിശയും ഉൾപ്പെടെ ഗുണഭോക്താവിന്റെ പേരിലുള്ള ഒരു വായ്പ എഴുതിതള്ളുന്നതിനും അതിനുമുകളിലുള്ള തുകയ്ക്ക് പലിശയും പിഴപ്പലിശയും അതാത് സ്ഥാപനങ്ങൾ എഴുതി തള്ളേണ്ടതാണെന്നും, ശേഷിക്കുന്ന തുക വായ്പക്കാരന്റെ ബാദ്ധ്യതയായിരിക്കുമെന്നും ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഗവൺമെന്റ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

പട്ടം സർവ്വീസ് സഹകരണ ബാങ്കിൽ കളക്ഷൻ ഏജന്റ് നടത്തിയ തിരിമറി

11 (4066) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം പട്ടം സർവ്വീസ് സഹകരണ ബാങ്കിൽ കളക്ഷൻ ഏജന്റ് എത്ര ഉപഭോക്താക്കളിൽ നിന്നാണ് പണം തട്ടിയെടുത്തതെന്ന് വ്യക്തമാക്കുമോ ;

(ബി) എത്ര ആളുകൾക്ക് സംഘം നഷ്ടപരിഹാരം നൽകിയിട്ടുണ്ട് ; ആകെ എത്ര രൂപയുടെ തട്ടിപ്പാണ് നടത്തിയത് ;

(സി) സംഘത്തിനുണ്ടായ നഷ്ടം ഏജന്റിൽ നിന്നും ഈടാക്കാൻ എന്തു നടപടി സ്വീകരിച്ചു ; കളക്ഷൻ ഏജന്റിന് ബാങ്കിൽ ഉണ്ടായിരുന്നതും ഏജന്റിന്റെ മേൽനോട്ടത്തിൽ ഉള്ളതുമായ നിക്ഷേപങ്ങൾ പിൻവലിച്ചിട്ടുണ്ടോ ;

(ഡി) ഏജന്റിനെ പുറത്താക്കിയ വിവരം പത്രങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) മൂന്ന് ഉപഭോക്താക്കളിൽ നിന്നും കളക്ഷൻ ഏജന്റ് പണം തട്ടിയെടുത്തിട്ടുണ്ട്.

(ബി) നഷ്ടപരിഹാരം ആർക്കും നൽകിയിട്ടില്ല. ആകെ 45,458 രൂപയുടെ തട്ടിപ്പാണ് നടത്തിയത്.

(സി) സംഘം രസീത് നൽകിയിട്ടുള്ള യാതൊരു തുകയും സംഘത്തിന് നഷ്ടപ്പെട്ടിട്ടില്ല. നിക്ഷേപം തിരികെ ലഭിച്ചിട്ടില്ല എന്ന് പരാതിയുള്ള

LIBRARY ARCHIVES Kerala Legislative Assembly